# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 5518 — 24.05.2017 ൽ മറുപടിക്ക്

## ലോക് നാഥ് ബെഹ്റയെ സംസ്ഥാന പോലീസ് മേധാവിയായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ്

**ചോദ്യം:**

**ശ്രീ. എം.വിൻസെന്റ്**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| ചോദ്യം | ഉത്തരം |
|---|---|
| **(എ)** 01.06.2016 ൽ ലോക്നാഥ് ബെഹ്റയെ സംസ്ഥാന പോലീസ് മേധാവിയായി നിയമിച്ചു കൊണ്ടുള്ള ഉത്തരവ് 24.04.2017 ൽ ബഹു. സുപ്രീം കോടതി റദ്ദ് ചെയ്തിരുന്നോ; | **(എ)** ചെയ്തിരുന്നു. ഇതിനെതിരെ സർക്കാർ ഒരു ക്ലാരിഫിക്കേഷൻ പെറ്റീഷനും റിവ്യൂ പെറ്റീഷനും ഫയൽ ചെയ്തിരുന്നു. |
| **(ബി)** എങ്കിൽ സംസ്ഥാന പോലീസ് മേധാവിയായി 2017 ഏപ്രിൽ 24 മുതൽ മേയ് 5 വരെ പ്രവർത്തിച്ചത് ആരായിരുന്നു; **(സി)** ഈ കാലഘട്ടത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെതായി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്? | **(ബി) & (സി)** 24.04.2017-ലെ ബഹു. സുപ്രീം കോടതി വിധിയുടെയും സംസ്ഥാന സർക്കാർ ടി വിധിക്കെതിരെ ഫയൽ ചെയ്ത ക്ലാരിഫിക്കേഷൻ പെറ്റീഷനിലെ 05.05.2017-ലെ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ ശ്രീ.ടി.പി.സെൻകുമാറിനെ ഡി.ജി.പിയും സംസ്ഥാന പോലീസ് മേധാവിയായും നിയമിച്ചുകൊണ്ട് 06.05.2017-ൽ ആണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. അതിനാൽ 06.05.2017 വരെയും ശ്രീ. ലോക് നാഥ് ബെഹ്റയാണ് സംസ്ഥാന പോലീസ് മേധാവിയായി പ്രവർത്തിച്ചിരുന്നത്. സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് ടിയാൻ ചുമതലകൾ നിർവ്വഹിച്ചിട്ടുണ്ട്. |

Manoj M

സെക്ഷൻ ഓഫീസർ.